(ബി) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഏതെല്ലാം റോഡുകളാണ് നിലവിലുള്ളത് ; നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും റോഡ് ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) കാസർഗോഡ് നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം ഭരണാനുമതി ലഭിച്ച റോഡുകളിൽ പാക്കേജ് നമ്പർ KR 05-38-നാട്ടക്കൽ-ബദിർക്കേരി റോഡ് (ബെള്ളൂർ ഗ്രാമപഞ്ചായത്ത്) നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലയിലെ എക്സിക്യൂട്ടീവ് എൻജിനീയർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി റോഡുകൾ

60 (3027) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഏറ്റെടുത്തിരിക്കുന്ന റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോ റോഡുകളുടെയും നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഏറ്റെടുത്തിരിക്കുന്ന റോഡുകൾ ചുവടെ ചേർക്കുന്നു :

1. ചുണ്ട ജംഗ്ഷൻ - ചാരിറ്റി റോഡ്
2. കോട്ടത്തറ-കോക്കുഴി റോഡ്
3. മടക്കിമല - മലന്തോട്ടം റോഡ്
4. കടച്ചിക്കുന്ന്- വാളത്തൂർ റോഡ്

(ബി) ഘട്ടം 8-ൽ ഉൾപ്പെട്ട നാല് പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ചുണ്ട ജംഗ്ഷൻ- ചാരിറ്റി റോഡ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കോട്ടത്തറ-കോക്കുഴി റോഡ്, മടക്കിമല-മലന്തോട്ടം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനാൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കടച്ചിക്കുന്ന്-വാളത്തൂർ റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതി

61 (3028) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിക്ക് 2006-07 മുതൽ ഓരോ വർഷവും ലഭിച്ച തൊഴിൽ ദിനങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly